ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 14.12.2024**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു; മറുപടി പ്രസംഗത്തിൽ ഭരണഘടനാ ശില്പികളെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. വിഴിഞ്ഞം തുറമുഖത്തിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടയ്ക്കണമെന്ന ധന മന്ത്രാലയത്തിൻറെ തീരുമാനത്തിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ലൈഫ് ഭവന പദ്ധതി പട്ടികയിലെ മുഴുവൻ പേർക്കും വീട് നൽകുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്.

4. പാലക്കാട് നാല് വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ പനയമ്പാടത്തെ അപകട സ്ഥലം ഗതാഗതമന്ത്രി കെ. ബി. ഗണേഷ്കുമാർ സന്ദർശിച്ചു.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

6. 78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് പോരാട്ടങ്ങൾക്ക് ഹൈദരാബാദിൽ തുടക്കം; കേരളത്തിൻറെ ആദ്യ മത്സരം നാളെ ഗോവയ്ക്കെതിരെ.

**************************************

## ലോക്സഭ ചർച്ച

രാജ്യത്ത് ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, ഇപ്പോൾ ചർച്ചക്ക് മറുപടി നൽകുകയാണ്. മറുപടി പ്രസംഗത്തിൽ ഭരണഘടനാ ശില്പികളെ പ്രധാനമന്ത്രി അനുസ്മരിച്ചു. കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ബി ജെ പി എം പി മാരായ അനുരാഗ് സിംഗ് താക്കൂർ, തേജസ്വി സൂര്യ, ഡി എം കെ യുടെ എ രാജ, കോൺഗ്രസ്സിൽ നിന്നുള്ള കൊടിക്കുന്നിൽ സുരേഷ്, മറ്റു വിവിധ പാർട്ടികളുടെ നേതാക്കൾ തുടങ്ങി നിരവധി പേർ ഇന്ന് ചർച്ചയിൽ പങ്കെടുത്തു. രാജ്യസഭയിൽ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഭരണഘടനയെക്കുറിച്ചുള്ള ചർച്ച നടക്കും.

*************************************

PNU TVPM

## വിഴിഞ്ഞം - മുഖ്യമന്ത്രി കത്തയച്ചു

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് തിരിച്ചടയ്ക്കണമെന്ന ധന മന്ത്രാലയത്തിൻ്റെ തീരുമാനത്തിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. വിജിഎഫ് ആയി വിഴിഞ്ഞത്തിനു നൽകേണ്ട 817.80 കോടി രൂപ ലഭിക്കണമെങ്കിൽ കേരളം നെറ്റ് പ്രസൻ്റ് മൂല്യം അടിസ്ഥാനമാക്കി തിരിച്ചടയ്ക്കണമെന്ന നിബന്ധനയാണ് കേന്ദ്രം മുന്നോട്ടു വച്ചത്. മാനദണ്ഡം അനുസരിച്ച് വിജിഎഫ് വായ്പയായി പരിഗണിക്കേണ്ടതല്ലെന്ന് പ്രധാനമന്ത്രിക്കയച്ച കത്തിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. തൂത്തുക്കുടി തുറമുഖത്തിന് വിജിഎഫ് അനുവദിച്ചപ്പോൾ സമാനമായ നിബന്ധനകൾ ഉൾപ്പെടുത്തിയിരുന്നില്ലെന്നും

അതേ പരിഗണന വിഴിഞ്ഞവും അർഹിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു.

**************************************

## എറണാകുളം മാർക്കറ്റ് - ഇൻട്രോ

സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച എറണാകുളം മാർക്കറ്റ് സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കൊച്ചിയിൽ അടിസ്ഥാനസൗകര്യ വികസനം ദ്രുതഗതിയിൽ ആക്കുന്നത് ലക്ഷ്യമിട്ടാണ് സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തികൾ പുരോഗമിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. **(ഹോൾഡ് വോയിസ് - മുഖ്യമന്ത്രി)** മാർക്കറ്റിനോട് ചേർന്നുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ നിർമാണോദ്ഘാടനവും ഇതോടൊപ്പം നടന്നു. 72 കോടി രൂപ ചെലവിലാണ് പദ്ധതി പൂർത്തിയായത്. മന്ത്രിമാരായ എം.ബി. രാജേഷ്, പി. രാജീവ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

RNU TVPM

**************************************

## ലൈഫ്- എം ബി രാജേഷ്

ലൈഫ് ഭവന പദ്ധതി പട്ടികയിലെ മുഴുവൻ പേർക്കും വീട് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി എം ബി രാജേഷ്. എറണാകുളം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് വീടുകളുടെ താക്കോൽ കൈമാറ്റം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭവന നിർമ്മാണത്തിന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക നൽകുന്നത് കേരളമാണ്. ലൈഫ് പദ്ധതിയിൽ അതിദരിദ്രർക്ക് മുൻഗണന നൽകാൻ തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് മന്ത്രി പറഞ്ഞു.

************************************

## ഗണേഷ് കുമാർ- പനയമ്പാടം - ഇൻട്രോ

പാലക്കാട് നാല് വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ പനയമ്പാടത്തെ അപകട സ്ഥലം ഗതാഗതമന്ത്രി കെ.ബി.ഗണേഷ്കുമാർ സന്ദർശിച്ചു. റോഡിന് അടിയന്തിരമായ നവീകരണം ആവശ്യമുണ്ടെന്നും, ഇത് സംബന്ധിച്ച് ദേശീയ പാതാ അതോറിറ്റിയെ സമീപിക്കുമെന്നും മന്ത്രി പറഞ്ഞു. (ഹോൾഡ് വോയിസ് - ഗണേഷ് കുമാർ) ഹൈവേ അതോറിറ്റിയിൽ നിന്നും ഇതിനാവശ്യമായ പണം ലഭിക്കാത്ത സാഹചര്യമുണ്ടായാൽ റോഡ് സുരക്ഷ അതോറിറ്റി നവീകരണം നടത്തുമെന്നും മന്ത്രി മാധ്യമങ്ങളോട് അറിയിച്ചു.

************************************

## പോലീസ് പാസിംഗ് ഔട്ട്

വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് പുതുതായി പോലീസ് സേനയിൽ ചേരുന്നവർക്ക് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂരിൽ പരിശീലനം പൂർത്തിയാക്കിയ 31-എ ബാച്ച് സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിലെ തെറ്റുകൾ സേനയിലും പ്രതിഫലിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായേക്കാമെന്നും അത്തരക്കാരോട് കർശന നിലപാടെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

************************************

RNU TVPM

## റോഷി അഗസ്റ്റിൻ

ഇടുക്കി ഗവൺമെൻറ് നേഴ്സിങ് കോളേജിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ജില്ലാ കളക്ടറും, നഴ്സിംഗ് കോളേജ് അധികൃതരും ഉൾപ്പെട്ട പ്രത്യേക യോഗം ചേർന്നതായി അദ്ദേഹം പറഞ്ഞു. വിദ്യാർത്ഥികൾക്ക് ആവശ്യമായ വാഹന സൗകര്യം ഒരുക്കാൻ പുതിയ വാഹനം അനുവദിക്കുമെന്നും മന്ത്രി അറിയിച്ചു.

***********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RIJUTVPM

***********************************

## വയനാട്- വി ഡി സതീശൻ, വി മുരളീധരൻ

വയനാട് ദുരിതാശ്വസത്തിനായി പ്രതിപക്ഷവും സർക്കാരും ശക്തമായി ആവശ്യപ്പെട്ടിട്ടും കേന്ദ്രം ധനസഹായം നൽകിയില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ദുരന്ത നിവാരണം കേന്ദ്രത്തിന്റെ കൂടി ഉത്തരവാദിത്തമാണെന്നും ശ്രീ സതീശൻ പറഞ്ഞു. അതിനിടെ, രക്ഷാദൗത്യത്തിന് വ്യോമസേന പണം ചോദിച്ചെന്ന പ്രചാരണം രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ പറഞ്ഞു. വ്യോമസേനയുടെ ബില്ല്

നടപടിക്രമം മാത്രമാണെന്നും അദ്ദേഹം കോട്ടയത്ത് വ്യക്തമാക്കി.

***********************************

## ഐ.എഫ്.എഫ്.കെ

തിരുവനന്തപുരത്ത് നടക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ മൂന്നാം ദിനമായ നാളെ പ്രദർശിപ്പിക്കുന്നത് 67 ഓളം ചിത്രങ്ങൾ. മേള രണ്ടു ദിവസം പിന്നിട്ടപ്പോൾ സിനിമാപ്രേമികളുടെ ആവേശകരമായ പങ്കാളിത്തമാണുണ്ടാകുന്നത്. മേളയുടെ ഭാഗമായി ലോകപ്രശസ്തരായ 50 ചലച്ചിത്രാചാര്യൻമാർക്ക് ആദരമർപ്പിച്ചുള്ള പ്രദർശനത്തിനും ഇന്ന് തുടക്കമായി.

***********************************

RNU TVPM

## ഐ.എഫ്.എഫ്.കെ - സന്തോഷ് കീഴാറ്റൂർ - ഇൻട്രോ

ഓരോ വർഷം കഴിയുന്തോറും സിനിമാ പ്രേക്ഷകരുടെ പങ്കാളിത്തം കൊണ്ട് കേരള അന്താരാഷ്ട്ര ചലച്ചിത്രമേള വളർന്നു കൊണ്ടിരിക്കുകയാണെന്ന് നടൻ സന്തോഷ് കീഴാറ്റൂർ. തന്റെ ചലച്ചിത്ര ആസ്വാദനത്തെ നവീകരിച്ചത് ഐഎഫ്എഫ്കെയാണെന്നും ചലചിത്ര അക്കാദമി ഭരണസമിതി അംഗം കൂടിയായ അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

***********************************

## സിനിബ്ലഡ്

ഐ.എഫ്.എഫ്.കെയുടെ ഭാഗമായി ടാഗോർ തിയേറ്ററിൽ രക്തദാന പരിപാടി സംഘടിപ്പിച്ചു. 'സിനിബ്ലഡ്' എന്ന

പേരിൽ നടന്ന പരിപാടി, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ ഉദ്ഘാടനം ചെയ്തു.

************************************

## സംസ്ഥാനം - മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

************************************

## ആലപ്പുഴ - മട വീണു

വേലിയേറ്റത്തെ തുടർന്ന് ആലപ്പുഴ ചമ്പക്കുളത്ത് പാടശേഖരത്തിൽ മട വീണു. 35 ദിവസം പ്രായമായ നെൽച്ചെടികൾ നശിച്ചു. ചമ്പക്കുളം കൃഷിഭവൻ പരിധിയിലെ 440 ഏക്കറുള്ള പാടത്തിൻറെ ബണ്ട് തകർന്നാണ് കൃഷി നശിച്ചത്.

RNU TVPM

************************************

## സന്തോഷ് ട്രോഫി

ഹൈദരാബാദിൽ നടക്കുന്ന 78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് പോരാട്ടത്തിന്റെ ആദ്യ മത്സരത്തിൽ മണിപ്പൂർ നിലവിലെ ചാമ്പ്യന്മാരായ സർവീസസ്സിനെ 1-0 ന് തോൽപ്പിച്ചു. നാളെ രാവിലെ ഗോവയ്ക്കെതിരെയാണ് കേരളത്തിൻറെ ആദ്യ മത്സരം.

************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്തയിലാണ് മത്സരം. ബംഗളൂരു എഫ് സി - എഫ് സി ഗോവ മത്സരം ഇപ്പോൾ ബംഗളുരുവിൽ പുരോഗമിക്കുന്നു.

************************************

## ഡിസേബിൾഡ് ഇൻഡോർ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ്

ആറാമത് നാഷണൽ ഡിസേബിൾഡ് ഇൻഡോർ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് കോഴിക്കോട് ആരംഭിച്ചു. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ നിർവഹിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 10 ടീമുകൾ പങ്കെടുക്കും. കേരളത്തിൽ നിന്ന് രണ്ട് ടീമുകൾ മത്സരത്തിനുണ്ട്.

RNU TVPM

************************************

## മുഖ്യമന്ത്രി- അവാർഡ്

ദേശീയ ഊർജ്ജ സംരക്ഷണ പുരസ്കാരത്തിന്റെ സംസ്ഥാനങ്ങളുടെ ഊർജ കാര്യക്ഷമത വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം കരസ്ഥമാക്കിയത് അഭിമാനകരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

******************************************************

************************************

**********************